## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5358 — 01.07.2019-ൽ മറുപടിയ്ക്ക്

### പെരുമ്പഴുതൂർ, പ്ലാമൂട്ടുകട കെ.എസ്.എഫ്.ഇ. ശാഖകൾ

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-2019 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.എഫ്.ഇ. യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എത്ര ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കാമോ; പുതിയതായി ആരംഭിക്കുന്ന ശാഖകൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.എഫ്. ഇയുടെ 6 ശാഖകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>1. പാളയം എം ജി റോഡ്<br>2. പാറശ്ശാല ഈവനിംഗ്/കളിയിക്കാവിള<br>3. വെട്ടുകാട്/പൂന്തുറ<br>4. വെങ്ങാനൂർ /ഉച്ചക്കട<br>5. നഗരൂർ<br>6. ഊന്നിമൂട് |

<table>
<tr><td>(സി)</td><td>നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ, പ്ലാമൂട്ടുകട എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുന്നതിനായി 2016-ൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;</td><td rowspan="2">(സി)<br>&<br>(ഡി)</td><td rowspan="2">നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ എന്ന സ്ഥലത്ത് കെ.എസ്.എഫ്.ഇയുടെ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തിയതനുസരിച്ച് പെരുമ്പഴുതൂർ എന്ന സ്ഥലത്ത് പുതിയ ശാഖ തുടങ്ങുന്നതിന് ബിസിനസ് സാധ്യതയില്ല. ആയതിനാൽ പുതിയ ശാഖ തുടങ്ങുന്നതിന് പരിഗണിച്ചിട്ടില്ല. എന്നാൽ പ്ലാമൂട്ടുകടയിൽ പുതിയ ശാഖ തുടങ്ങുന്നതിന് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം അസി. ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പെരുമ്പഴുതൂർ, പ്ലാമൂട്ടുകട എന്നീ സ്ഥലങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ